(സി) ഈ പദ്ധതിയുടെ ഭാഗമായി കൂട്ടനാട് പ്രദേശത്തെ ഏകദേശം 1400-ൽപ്പരം പാടശേഖരങ്ങളുടെ 2500 കിലോമീറ്ററോളം നീളം വരുന്ന പുറംബണ്ടിന്റെ ഉയരം കൂട്ടുകയും, മോട്ടോർതറ, മോട്ടോർ ഷെഡ്, പൊതുമട, മുതലായവ നിർമ്മിക്കുകയോ പുതുക്കി പണിയുകയോ ചെയ്യേണ്ടതുണ്ട്.

(ഡി) ഇതിനായി ഏകദേശം 1200 കോടി രൂപയിലധികം വേണ്ടിവരുമെന്ന് കണക്കാക്കപ്പെടുന്നു.

(ഇ) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പതിനൊന്നാം പഞ്ചവത്സര പദ്ധതി സമയത്തുതന്നെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്) ഇതുവഴി ഏകദേശം 613 കോടി രൂപയുടെ വാർഷിക നഷ്ടം ഒഴിവാക്കാൻ സാധിക്കുമെന്ന് കരുതുന്നു.

**നെയ്യാർ ഇറിഗേഷൻ പദ്ധതിയുടെ വിവിധ ഭാഗങ്ങളിൽ ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറിയ സംഭവം**

**108 (4998)** ശ്രീ. വി. സുരേന്ദ്രൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായുള്ള ചാനലുകളുടെ വിവിധ ഭാഗങ്ങളിൽ സർക്കാർ ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പള്ളിച്ചൽ, മലയിൻകീഴ് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽക്കൂടി കടന്നുപോകുന്ന കനാലുകൾ സ്വകാര്യവ്യക്തികൾ കയ്യേറി നിർമ്മാണ പ്രവർത്തനം നടത്തിയത് സംബന്ധിച്ച് ഏതെങ്കിലും പരാതി നിലനിൽക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പരാതികളിന്മേൽ എന്ത് നടപടി സ്വീകരിച്ചു ;

(സി) പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് അധികാരികളുടെ ഒത്താശയോടെ ചാനൽ വക സർക്കാർ ഭൂമി പിടിച്ചെടുത്ത് നിർമ്മാണം നടത്തിയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു ; സർക്കാർ ഭൂമിയിൽ അനധികൃത നിർമ്മാണത്തിന് അനുമതി നൽകിയ ഉദ്യോഗസ്ഥനെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

**വൈക്കം - തവണക്കടവ് സർവ്വീസ്**

**109 (4999)** ശ്രീ. പി. തിലോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം, തവണക്കടവ് ജങ്കാർ സർവ്വീസ് നടത്തുന്ന ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ ; എത്രകാലമായി ഇവർ വൈക്കം-തവണക്കടവ്



LIBRARY ARCHIVES Kerala Legislative Assembly

ജങ്കാർ സർവ്വീസ് നടത്തുന്നു എന്ന് പറയാമോ : ജങ്കാർ അറ്റകുറ്റപ്പണികൾ കാലാകാലം നടത്തുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; അവസാനമായി അറ്റകുറ്റപ്പണികൾ നടത്തിയത് എന്നാണെന്നും പറയാമോ ;

(ബി) ജങ്കാർ സർവ്വീസിന് എൻ.ഒ.സി. നൽകേണ്ടപ്പോൾ പാലിക്കേണ്ട എല്ലാ നിബന്ധനകളും പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; ഡ്രൈഡോക്കിംഗ് അവസാനമായി ചെയ്തത് എപ്പോഴാണെന്ന് പറയാമോ ;

(സി) ഈ ജങ്കാർ സർവ്വീസിന്റെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഏത് ഉദ്യോഗസ്ഥനാണ് നൽകിയത് എന്ന് പറയാമോ ? എല്ലാ മാനദണ്ഡങ്ങളും ഫിറ്റ്നെസ് നൽകുവാൻ പാലിച്ചിട്ടുണ്ടോ എന്ന് പറയാമോ ;

(ഡി) വൈക്കം-തവണക്കടവ് ജങ്കാർ യാത്രയിൽ യാത്രക്കാരുടെ സുരക്ഷയ്ക്കുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ ; പ്രസ്തുത ജങ്കാറിൽ കയറ്റാൻ കഴിയുന്ന വാഹനങ്ങളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ; സൈക്കിൾ, മറ്റ് ഇരുചക്ര വാഹനങ്ങൾ, കാറുകൾ എന്നിവയ്ക്ക് മുൻഗണന നൽകാൻ കഴിയുമോ ; വൈക്കം-തവണക്കടവ് റൂട്ടിൽ കൂടുതൽ ജങ്കാർ സർവ്വീസ് അനുവദിക്കുമോ ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചു വരുന്നു.

**പുളിങ്കുന്ന് കാവാലം പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇരുമ്പു ജങ്കാറിന്റെ നിർമ്മാണ പ്രവർത്തനം**

**110 (5000)** ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുളിങ്കുന്ന് കാവാലം പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് വർഷങ്ങൾക്കുമുമ്പ് നിർമ്മാണമാരംഭിച്ച ഇരുമ്പ് ജങ്കാറിന്റെ നിർമ്മാണ പ്രവർത്തനം വിശദമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികളുടെ റീടെണ്ടർ നടപടി ക്രമങ്ങളും തുകയും വിശദമാക്കുമോ ;

(സി) പ്രസ്തുത ജങ്കാറിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ജങ്കാറിന്റെ നിർമ്മാണം എത്രത്തോളം പൂർത്തീകരിച്ചുവെന്നും ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 11-3-1998 - ലെ സർക്കാരിന്റെ 100 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതിപ്രകാരം പുളിങ്കുന്നിലും കാവാലത്തും കടത്തുനടത്തുവാൻ രണ്ട് ജങ്കാറുകൾ നിർമ്മിക്കുന്നത് ജലസേചനവകുപ്പ് മെക്കാനിക്കൽ വിഭാഗത്തെ

LIBRARY ARCHIVES Kerala Legislative Assembly